ഉത്തരം

(എ) രാജീവ്നഗർ റസിഡന്റ് അസോസിയേഷന്റെ സെക്രട്ടറിയുടെ പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. രാജീവ് നഗർ എന്ന് തിരുവനന്തപുരം നഗരത്തിൽ മറ്റു സ്ഥലങ്ങളും ഉള്ളതിനാൽ യാത്രക്കാരിൽ നിന്നും ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, ബസ് പോകുന്ന സ്ഥലം വ്യക്തമാക്കുന്നതിനു വേണ്ടിയാണ് മേലാറന്നൂർ ഗവൺമെന്റ് ക്വാർട്ടേഴ്സ് എന്ന് ഡെസ്റ്റിനേഷൻ ബോർഡിൽ മാറ്റം വരുത്തിയത്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഗവൺമെന്റ് ക്വാർട്ടേഴ്സിലേക്കുള്ള ബസുകൾ യാത്രക്കാർക്ക് വ്യക്തമാക്കുന്നതിനുവേണ്ടിയാണ് ഡെസ്റ്റിനേഷൻ ബോർഡിൽ മാറ്റം വരുത്തിയത്. ആയതിനാൽ മുമ്പുണ്ടായിരുന്നതു പോലെ പുനഃസ്ഥാപിക്കുന്നത് ശരിയായ നടപടിയാണെന്ന് കരുതുന്നില്ല.

കോഴിക്കോട് നിന്ന് രാത്രി 10 മണിക്കുശേഷമുള്ള ബസ് സർവ്വീസുകൾ

68 (3600) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാത്രി 10 മണിക്കുശേഷം കോഴിക്കോട് നിന്ന് കണ്ണൂർ, പയ്യന്നൂർ, കാസർഗോഡ്, മംഗലാപുരം ഭാഗത്തേക്ക് എത്ര കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസുകൾ നിലവിലുണ്ട്.

(ബി) പ്രസ്തുത റൂട്ടിൽ 1995-നു മുമ്പ് നിത്യേന എത്ര രൂപ കളക്ഷൻ ഉണ്ടായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(സി) കൂടുതൽ വരുമാനമുണ്ടായിരുന്ന പ്രസ്തുത റൂട്ടുകളിൽ സർവ്വീസ് പുനഃസ്ഥാപിക്കാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) രാത്രി 10 മണിക്കും രാവിലെ 5 മണിക്കും ഇടയിൽ പത്ത് കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ നിലവിലുണ്ട്.

(ബി) വിവരം ശേഖരിച്ച് മറുപടി സമർപ്പിക്കുന്നതാണ്.

(സി) ബസുകൾ കൂടുതൽ ലഭ്യമാക്കാനാകുന്നതോടെ വരുമാനം കൂടുതൽ ലഭിക്കുന്ന റൂട്ടുകൾക്ക് മുൻഗണന നൽകി സർവ്വീസ് നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

മാള കെ. എസ്. ആർ. ടി. സി. ഡിപ്പോയിലെ ഷെഡ്യൂളുകൾ

69 (3601) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly